മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20-7-2005-ലും രണ്ട് ചർച്ചകൾ നടത്തിയിരുന്നു. കമ്പനി തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ ധനസഹായം കെ.എസ്.ഐ.ഡി.സി. വായ്പയായി നൽകണമെന്നുള്ളതായിരുന്നു ആവശ്യം. എന്നാൽ കമ്പനിയുടെ മെഷിനറികൾ വളരെ പഴയത് ആയതുകൊണ്ട് അടുത്ത 15 വർഷത്തേക്കെങ്കിലും സുഗമമായി പ്രവർത്തിക്കുമെന്ന് ഉറപ്പാക്കുന്നതിനായി ഒരു ടെക്സ്റ്റൈൽ വിദഗ്ധന്റെ സർട്ടിഫിക്കറ്റ് ആവശ്യമുണ്ട്. മാത്രമല്ല കമ്പനി പുനരുദ്ധരിക്കാനുള്ള തുകയുടെ പകുതിയെങ്കിലും മാനേജുമെന്റ് കണ്ടെത്തേണ്ടതുമുണ്ട്. ഈ രണ്ട് ഉറപ്പുകൾ മാനേജുമെന്റിൽ നിന്നു കിട്ടിയശേഷം മാത്രമേ കമ്പനിയുടെ തുടർന്നുള്ള പ്രവർത്തനം വാഭകരമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. വായ്പ വീഴ്ച കൂടാതെ തിരിച്ചടയ്ക്കാൻ കമ്പനിക്ക് കഴിയുമെന്ന് കെ.എസ്.ഐ.ഡി.സി.-യുടെ പഠനത്തിൽ തെളിയുകയും ചെയ്താൽ ഉടനെ കമ്പനിയുടെ പുനരുദ്ധാരണ വായ്പ നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

(9) കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയായ കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും അതുപോലെതന്നെ ഈ സഭയുടേയും ശ്രദ്ധയിൽ ഞാൻ കൊടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയും ജനപ്രതിനിധികളുടേയും ഒരു യോഗം വിളിച്ചു ചേർത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും പിന്നെ ജനപ്രതിനിധികളുടെ അസൗകര്യം കാരണം ആ യോഗം മാറ്റിവയ്ക്കേണ്ടിവന്നു. അടിയന്തിരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥൻമാരുടേയും ഒരു യോഗം വിളിച്ചു ചേർത്ത് കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ മാറ്റി എടുക്കുന്നതിനാവശ്യമായ അടിയന്തിരനടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഉദാരമായ കരുണ ആ ജില്ലയോട് കാണിക്കണമെന്നും ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, ഇത് സംബന്ധിച്ച് വളരെ വിശദമായ ഒരു കാളിംഗ് അറ്റൻഷൻ തന്നെ ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പല നടപടികളും സ്വീകരിച്ചു. രണ്ടു മൂന്നുയോഗങ്ങൾ കൂടി. ഈ സമ്മേളനം കഴിഞ്ഞാൽ ഉടൻതന്നെ നിയമസഭാംഗങ്ങളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത് ഇതിന് അന്തിമരൂപം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly